# റാന്നി-നിലയ്ക്കൽ ഓർത്തഡോക്സ് കൺവൻഷൻ പന്തൽ കാൽനാട്ടു കർമ്മം നിർവ്വഹിച്ചു

റാന്നി : നിലയ്ക്കൽ ഭദ്രാസനത്തിലെ എല്ലാ ദേവാലയങ്ങളുടെയും സഹകരണത്തോടെ നടത്തപ്പെടുന്ന 49-ാമത് റാന്നി നിലയ്ക്കൽ ഓർത്തഡോക്സ് കൺവൻഷന്റെ പന്തൽ കാൽനാട്ടു കർമ്മം റാന്നി മാർ ഗ്രീഗോറിയോസ് കാതോലിക്കേറ്റ് സെന്ററിൽ ഭദ്രാസനാധിപൻ അഭി.ഡോ.ജോഷ്വാ മാർ നിക്കോദീമോസ് മെത്രാപ്പോലീത്ത നിർവ്വഹിച്ചു. ഭദ്രാസന സെക്രട്ടറി റവ.ഫാ.ഷൈജു കുര്യൻ, റവ.ഫാ.എബി വർഗീസ്, റവ.ഫാ.ഐവാൻ ജോസഫ് വർഗീസ്, ശ്രീ.ജേക്കബ് മാത്യു, അഡ്വ.അനിൽ വർഗീസ്, ശ്രീ.എം.എസ് തോമസ് തുടങ്ങിയവർ സംബന്ധിച്ചു. ജനുവരി 7 മുതൽ 10 വരെ  നടത്തപ്പെടുന്ന കൺവൻഷനിൽ ഗാനശുശ്രൂഷ, കൺവൻഷൻ പ്രസംഗങ്ങൾ, മദ്ധ്യസ്ഥ പ്രാർത്ഥന, സണ്ടേസ്കൂൾ ബാലസംഗമം, മർത്തമറിയം സമാജം സമ്മേളനം, കെ.സി.സി സമ്മേളനം മുതലായവ  ഉണ്ടായിരിക്കുന്നതാണ്. ജനുവരി 7-ാം തീയതി ഭദ്രാസനാധിപൻ അഭിവന്ദ്യ ഡോ.ജോഷ്വാ മാർ നിക്കോദീമോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ ചേരുന്ന സമ്മേളനത്തിൽ മാർത്തോമ്മാ സഭയുടെ റൈറ്റ് റവ.ഡോ.ഗീവർഗീസ് മാർ അത്താനാസിയോസ് സഫ്രഗൻ മെത്രാപ്പോലീത്ത കൺവൻഷൻ ഉദ്ഘാടനം  ചെയ്യും. വിവിധ ദിവസങ്ങളിൽ റവ.ഫാ.ബിജു ആൻഡ്രൂസ് ഇടുക്കി, റവ.ഫാ.ഫിലിപ്പ് തരകൻ തേവലക്കര, റവ.ഫാ.റ്റൈറ്റസ് ജോൺ കൊട്ടാരക്കര തുടങ്ങിയവർ വചനപ്രഘോഷണം നടത്തുന്നതാണ്. സമാപന ദിവസമായ ജനുവരി 10-ന് ഞായറാഴ്ച ഡോ.എബ്രഹാം മാർ എപ്പിഫാനിയോസ് മെത്രാപ്പോലീത്ത വി.കുർബ്ബാനയ്ക്ക് മുഖ്യകാർമ്മികത്വം വഹിക്കുന്നതും കേരള ഗവൺമെന്റ് ചീഫ് സെക്രട്ടറി ബഹു. ജിജി തോംസൺ ഐ.എ.എസ് മുഖ്യപ്രഭാഷണം നിർവ്വഹിക്കുന്നതുമാണ്.